പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2045 | 01.02.2018 ൽ മറുപടിക്ക്

## ചേലക്കര നിയോജക മണ്ഡലത്തിലെ ആശുപത്രികൾ

| ചോദ്യം<br>ശ്രീ.യു. ആർ. പ്രദീപ് | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ചേലക്കര നിയോജകമണ്ഡലത്തിലെ തിരുവില്വാമല സി.എച്ച്.സി., പഴയന്നൂർ സി.എച്ച്.സി., ചേലക്കര താലൂക്കാശുപത്രി എന്നീ ആശുപത്രികളിൽ സ്റ്റാഫ് പാറ്റേൺ പ്രകാരമുള്ള തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ)<br>&<br>(ബി) | നിലവിൽ സർക്കാർ ആശുപത്രികളെയും ആരോഗ്യ സംവിധാനങ്ങളെയും രോഗീസൗഹൃദമാക്കുക എന്ന ലക്ഷ്യത്തോടുകൂടി ആർദ്രം മിഷന്റെ ഭാഗമായി പി.എച്ച്.സി.കളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി വികസിപ്പിക്കുകയും, ജില്ലാതല ആശുപത്രികളെ നിശ്ചിത മാനദണ്ഡങ്ങളോടുകൂടി വികസിപ്പിക്കുന്ന നടപടികളും സ്വീകരിച്ചു വരുന്നു. ജില്ലാ/താലൂക്ക്/ജനറൽ ആശുപത്രികളിലായി ആർദ്രം മിഷന്റെ ഭാഗമായി 197 സ്റ്റാഫ് നഴ്സ് ഗ്രേഡ് 2 ന്റെ തസ്തികയും 84 ലാബ് ടെക്നീഷ്യൻ ഗ്രേഡ് 2 ന്റെ തസ്തികയും ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെ തസ്തികയും ഉൾപ്പടെ ആകെ 610 തസ്തികകൾ ഇതിനകം സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്. മൂന്നു വർഷം കൊണ്ട് 5257 തസ്തികകൾ സൃഷ്ടിക്കുമെന്ന് 2017-18 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി വരും വർഷങ്ങളിൽ കൂടുതൽ ആശുപത്രികളെ ടി പദ്ധതിയിൽ ഉൾപ്പെടുത്തുകയും തസ്തികകൾ സൃഷ്ടിക്കുകയും ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ചേലക്കര മണ്ഡലത്തിലെ മഹാഭൂരിപക്ഷം ജനങ്ങളും സാമ്പത്തികമായി അവശത അനുഭവിക്കുന്ന കർഷകരും, കർഷക തൊഴിലാളികളും, പട്ടികജാതി പട്ടികവർഗ്ഗ മറ്റു പിന്നോക്കവിഭാഗത്തിൽപ്പെട്ടവരുമാണ് എന്നതു കണക്കിലെടുത്ത്, ഇവർക്ക് മെച്ചപ്പെട്ട ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിനായി തിരുവില്വാമല സി.എച്ച്.സി., പഴയന്നൂർ സി.എച്ച്.സി., ചേലക്കര താലൂക്ക് ആശുപത്രി എന്നീ ആശുപത്രികളിൽ സ്റ്റാഫ് പാറ്റേൺ പ്രകാരമുള്ള തസ്തിക സൃഷ്ടിക്കുന്നതിന് പ്രത്യേക പരിഗണന നൽകി നടപടി സ്വീകരിക്കുമോ;വിശദാംശം വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ